# കാർഷികമേഖലയ്ക്ക് എപ്പോഴും അവഗണന: മന്ത്രി ഇ. ചന്ദ്രശേഖരൻ

06/01/2018 KK

കാസർകോട്: രാജ്യത്തിന്റെ നട്ടെല്ലായ കാർഷികമേഖലയ്ക്ക് ഒരിക്കലും അർഹമായ പരിഗണന ലഭിക്കുന്നില്ലെന്ന് റവന്യൂമന്ത്രി ഇ. ചന്ദ്രശേഖരൻ പറഞ്ഞു. ദേശീയതലത്തിൽ സഹായവും ആനുകൂല്യങ്ങളുമെല്ലാം വ്യവസായമേഖലയിലേക്കാണ് ഒഴുകുന്നത്. കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രത്തിൽ 'അഗ്രി എക്സ്പോ 2018' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ബാങ്കുകൾ വ്യവസായസ്ഥാപനങ്ങളുടെ ലക്ഷകണക്കിന് കോടി രൂപയുടെ കിട്ടാക്കടമാണ് എഴുതിത്തള്ളുന്നത്. അതിനു കേന്ദ്രാനുമതിയുമുണ്ട്. വിളനാശം നേരിട്ടും പ്രകൃതിക്ഷോഭത്തിൽ പെട്ടും കഷ്ടത അനുഭവിക്കുന്ന കർഷകരുടെ വായ്പകൾ എഴുതിത്തള്ളുന്നത് ആലോചിക്കുന്ന പതിവുപോലുമില്ല. പകരം അവരുടെ സ്ഥലം ജപ്തി ചെയ്യാനാണ് മുതിരുക.

തോട്ടവിള ഗവേഷണ കേന്ദ്രങ്ങളുടെ ഗവേഷണഫലം ഇനിയും കാർഷികമേഖലയ്ക്ക് പൂർണമായി ഉപയോഗപ്പെടുത്താനായിട്ടില്ല. സംഭരണവും സംസ്ക്കരണവും നടന്നാൽ അത് കർഷകർക്ക് ഏറെ പ്രയോജനം ചെയ്യും. ജൈവകൃഷി പരമാവധി പ്രോത്സാഹിപ്പിക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

സി.പി.സി.ആർ.ഐ ഡയറക്ടർ ഡോ. പി. ചൗഡപ്പ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ടി. ആർ. ഉഷാദേവി, ഐ.എം.സി അംഗം സുരേഷ് കുമാർ ഷെട്ടി. ഡോ.സി. തമ്പാൻ എന്നിവർ സംസാരിച്ചു.



*കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രത്തിൽ നടക്കുന്ന ആറുദിവസത്തെ അഗ്രി എക്സ്പോ 2018 ഉദ്ഘാടനം ചെയ്ത മന്ത്രി ഇ. ചന്ദ്രശേഖരൻ പ്രദർശനം നോക്കിക്കാണുന്നു.*